**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1656** **08-02-2023 - ൽ മറുപടിയ്ക്ക്**

**വാഴയൂർ കൃഷിഭവനിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വാഴയൂർ കൃഷി ഭവനിൽ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളതെന്നും അതിൽ നിലവിൽ ആരെല്ലാമാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ; | (എ) | **വാഴയൂർ കൃഷി ഭവനിൽ ഒരു കൃഷി ഓഫീസറുടെയും 3 കൃഷി അസിസ്റ്റന്റുമാരുടെയും തസ്തികകൾ നിലവിലുണ്ട്. അതിൽ കൃഷി അസിസ്റ്റന്റായി ശ്രീമതി ലസിദാസ്.പി സേവനം അനുഷ്ഠിക്കുന്നു. മറ്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.** |
| (ബി) | പ്രസ്തുത കൃഷി ഭവനിലെ കൃഷി ഓഫീസർ തസ്തിക എന്ന് മുതൽ ഒഴിഞ്ഞ് കിടക്കുകയാണെന്ന് വ്യക്തമാക്കുമോ; ഈ കാലയളവിൽ ആർക്കെല്ലാം ചാർജ് നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | 17.07.2022 മുതൽ ഒഴിഞ്ഞുകിടക്കുന്നു. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | നിലവിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റ ഉത്തരവ് ലഭിച്ചുവെന്നും ഇനിയും എത്ര പേർ സ്ഥലം മാറ്റത്തിന്റെ ലിസ്റ്റിലുണ്ടെന്നും വ്യക്തമാക്കുമോ; സ്ഥലം മാറ്റിയവർക്ക് പകരം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; | (സി) | വാഴയൂർ കൃഷി ഭവനിലെ 2 കൃഷി അസിസ്റ്റന്റുമാർ സ്ഥലംമാറ്റ ഉത്തരവ് ലഭിച്ചതിനെതുടർന്ന് വിടുതൽ ചെയ്തിട്ടുണ്ട്. നിലവിലുള്ള ഒരു കൃഷി അസിസ്റ്റന്റ് പൊതു സ്ഥലമാറ്റ കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. പകരം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള ഓൺലൈൻ പൊതു സ്ഥല മാറ്റ നടപടികൾ പൂർത്തിയായി വരുന്നു. |
| (ഡി) | കൃഷി ഓഫീസർ അടക്കം ഒഴിഞ്ഞ് കിടക്കുന്ന മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്തി ഓഫീസ് പ്രവർത്തനം സുഗമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വാഴയൂർ കൃഷി ഭവനിലെ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവു വിവരങ്ങൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതു സ്ഥല മാറ്റ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ നികത്തപ്പെടുന്നതാണ് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**<u>വാഴയൂർ കൃഷി ഭവനിലെ ചാർജ് വഹിച്ച ഉദ്യോഗസ്ഥരുടെ ലിസ്റ്റ്</u>**

| ക്രമ നമ്പർ | കൃഷി ഭവന്റെ പൂർണ്ണ അധികച്ചുമതല വഹിച്ച ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | കാലയളവ് |
|---|---|---|
| 1 | ശ്രീമതി നീനു.രവീന്ദ്രനാഥ്, കൃഷി ഓഫീസർ, ചേലേമ്പ്ര | 18.07.2022 to 25.08.2022 |
| 2 | ശ്രീ. വിനീത്.വി.ശർമ്മ, കൃഷി ഓഫീസർ, പുളിക്കൽ | 25.08.2022 to 02.11.2022 |
| 3 | ശ്രീമതി നമിത.കെ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള താത്കാലിക നിയമനം) | 02.11.2022 to 25.11.2022 |
| 4 | ശ്രീ വിനീത്.വി.ശർമ്മ, കൃഷി ഓഫീസർ, പുളിക്കൽ | 25.11.2022 to 03.01.2023 |
| 5 | ശ്രീ.മൃദുൽ വിനോദ്.പി, കൃഷി ഓഫീസർ, പുളിക്കൽ | 03.01.2023 മുതൽ തുടരുന്നു. |